(ഐ) സമാധാന സമിതികൂടി തീരുമാനമെടുത്ത് അതേദിവസമോ അതിനു തുടർന്നുള്ള മൂന്നു ദിവസങ്ങൾക്കുള്ളിലോ അക്രമങ്ങളുണ്ടായ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) 9092 അക്രമസംഭവങ്ങൾ.

(ബി) 125 പേർ മരിച്ചു, 69 പേർക്ക് അംഗഭംഗം സംഭവിച്ചു.

(സി) 307 വീടുകളും, 209 കടകളും തകർക്കപ്പെട്ടു.

(ഡി-ഐ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

77 (95) രാഷ്ട്രീയ സംഘട്ടനങ്ങൾ

ശ്രീ.അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) ഈ സംഘട്ടനങ്ങളിൽ എത്രയെണ്ണം വീതം സി.പി.ഐ. അംഗങ്ങളോ അനുഭാവികളോ ഒരുവശത്തും സി.പി.ഐ.(എം) അംഗങ്ങളോ അനുഭാവികളോ മറുവശത്തുമായി നടന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) സി.പി.ഐ.(എം.) അംഗങ്ങളോ അനുഭാവികളോ ഒരുവശത്തും ബി.ജെ.പി., ആർ.എസ്.എസ്. അംഗങ്ങളോ അനുഭാവികളോ മറുവശത്തും ആയി നടന്ന സംഘട്ടനങ്ങൾ എത്ര;

(ഇ) സി.പി.ഐ.(എം) അംഗങ്ങളോ അനുഭാവികളോ ഒരുവശത്തും ഇൻഡ്യൻ നാഷണൽ കോൺഗ്രസോ അംഗങ്ങളോ മറുവശത്തുമായി നടന്ന സംഘട്ടനങ്ങളെത്ര എന്നു വെളിപ്പെടുത്തുമോ;

(എഫ്) സി.പി.ഐ.(എം.)അംഗങ്ങളോ അനുഭാവികളോ ഒരു വശത്തും ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് അംഗങ്ങളോ അനുഭാവികളോ മറുവശത്തുമായി നടന്നവ എത്രയെണ്ണം;

(ജി) സി.പി.ഐ.(എം) അംഗങ്ങളോ അനുഭാവികളോ ഒരുവശത്തും മറ്റു രാഷ്ട്രീയകക്ഷികളുടെ അംഗങ്ങൾ മറുവശത്തുമായി നടന്ന സംഘട്ടനങ്ങൾ എത്ര?

ഉത്തരം

(എ) 27073 സംഘട്ടനങ്ങൾ.

(ബി) 4973 സംഘട്ടനങ്ങൾ.

(സി) 235 സംഘട്ടനങ്ങൾ.

(ഡി) 1696.

(ഇ) 1596.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 438.

(ജി) 276.

78 (96) രാഷ്ട്രീയ കൊലപാതകങ്ങൾ

ശ്രീ.പി.ജെ.ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കൊല പാതകങ്ങൾ ഉണ്ടായിട്ടുണ്ട്; ഇവയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര യെണ്ണം; ഏതെല്ലാം;

(ബി) ഈ കൊലപാതകങ്ങളിൽ വധിക്കപ്പെട്ടവരാരാണ്; കൊലപാ തകികൾ ആരാണ്;

(സി) രാഷ്ട്രീയ കൊലപാതകങ്ങൾക്ക് വിധേയരായ ഓരോരുത്തരും ഏതെല്ലാം കക്ഷികളിൽപ്പെട്ടവരാണ്. ഓരോ രാഷ്ട്രീയ കൊലപാതകത്തി ലേയും കൊലപാതകികൾ ഏത് കക്ഷിയിൽപ്പെട്ടവരോ അവരുടെ അനുഭാവി കളോ ആണെന്ന് പറയുമോ;

(ഡി) ഏതെല്ലാം രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച കേസു കളാണ് ചാർജ്ജ് ചെയ്യപ്പെട്ടത്;

(ഇ) ഏതെല്ലാം രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച കേസു കളാണ് ചാർജ്ജ് ചെയ്യാനുള്ളത്;

(എഫ്) ചാർജ്ജ് ചെയ്യാനുള്ള രാഷ്ട്രീയ കൊലപാതകങ്ങളിലെ പ്രതി കൾ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരോ, അവരുടെ അനുഭാവികളോ ആണോ;

(ജി) ചാർജ്ജ് ചെയ്യപ്പെട്ട കൊലപാതകങ്ങൾ സംബന്ധിച്ച കേസുക ളിലെ പ്രതികൾ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണ്;

(എച്ച്) ചാർജ്ജ് ചെയ്യാത്ത കൊലപാതകങ്ങൾ സംബന്ധിച്ച കേസുക ളിലെ പ്രതികൾ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരോ, അവരുടെ അനുഭാവി കളോ ആണോ?

ഉത്തരം

(എ-സി) 2058 കൊലപാതകങ്ങൾ. ഇതിൽ 63 എണ്ണം രാഷ്ട്രീയ കൊലപാതകങ്ങൾ. രാഷ്ട്രീയ കൊലപാതകങ്ങളെ സംബന്ധിച്ച വിശദാംശ ങ്ങൾ അനുബന്ധം-1* ൽ ചേർത്തിട്ടുണ്ട്.

(ഡി) 44 രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ഇ) 19 രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച കേസുകളാണ് ചാർജ്ജ് ചെയ്യാനുള്ളത്.

(എഫ്) വിവിധ രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരോ അനുഭാവികളോ ആണ്.

---

* അനുബന്ധം XXI

LIBRARY ARCHIVES Kerala Legislative Assembly